**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4523** **10-08-2021 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി ഇ.കെ.നായനാർ മെമ്മോറിയൽ മോഡൽ പോളിടെക്നിക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഐ.എച്ച്.ആർ.ഡി. യുടെ കീഴിൽ കല്ല്യാശ്ശേരിയിൽ പ്രവർത്തിക്കുന്ന ഇ.കെ.നായനാർ മെമ്മോറിയൽ മോഡൽ പോളിടെക്നിക്കിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളതെന്നും എത്ര കുട്ടികൾ അവിടെ പഠിക്കുന്നുണ്ടെന്നും അറിയിക്കാമോ; | (എ) | ഐ.എച്ച്.ആർ.ഡി. യുടെ കീഴിലുള്ള കല്ല്യാശ്ശേരിയിൽ പ്രവർത്തിക്കുന്ന ഇ.കെ നായനാർ മെമ്മോറിയൽ മോഡൽ പോളിടെക്നിക് കോളേജിൽ കമ്പ്യൂട്ടർ ഹാർഡ് വെയർ എഞ്ചിനീയറിംഗ്, ബയോ മെഡിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് എന്നീ കോഴ്സുകളാണ് നിലവിലുള്ളത്. നിലവിൽ 574 കുട്ടികൾ മേല്പറഞ്ഞ കോഴ്സുകളിൽ ഈ സ്ഥാപനത്തിൽ പഠിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പോളിടെക്നിക്കിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഫണ്ട് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | 2020-21 വർഷത്തിൽ പോളിടെക്നിക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ട് അനുവദിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കോഴ്സിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്; പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | കല്ല്യാശ്ശേരി മോഡൽ പോളിടെക്നിക് കോളേജിൽ 2021-22 അദ്ധ്യയന വർഷത്തിലേയ്ക്ക് പുതുതായി ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് കോഴ്സ് തുടങ്ങുന്നതിലേയ്ക്ക് എ.ഐ.സി.റ്റി.ഇ യിൽ അപേക്ഷ സമർപ്പിയ്ക്കുകയും കോഴ്സ് തുടങ്ങുന്നതിനുള്ള അനുമതി ലഭിയ്ക്കുകയും ചെയ്തിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ എൻ.ഒ.സി ലഭ്യമാക്കിയിരുന്നു. പ്രസ്തുത കോഴ്സ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഈ വർഷത്തെ അഡ്മിഷൻ പോർട്ടലിൽ ഉൾപ്പെ ടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ